# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1257:** **30.9.2011 ന് മറുപടിയ്ക്ക്**

### *ഇളമാട് ഐ.ടി.ഐ. ക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി*

| *ചോദ്യം.* | *ഉത്തരം* |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ചടയമംഗലം നിയോജക മണ്ഡലത്തിലെ ഇളമാട് ഐ.ടി.ഐ. ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെയും ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കെട്ടിട നിർമ്മാണം സത്വരമായി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ; | (ബി) കെട്ടിട നിർമ്മാണം അടിയന്തിരമായി ആരംഭിക്കാനുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പിനു നൽകുന്നതാണ്. |
| (സി) ഇളമാട് ഐ.ടി.ഐ. യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുമോ? | (സി) നിലവിലുള്ള അടിസ്ഥാന സൗകര്യമുപയോഗിച്ച് അധികം ട്രേഡുകൾ ആരംഭിക്കുവാൻ കഴിയുകയില്ല. അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ കോഴ്സുകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

1

സെക്ഷൻ ഓഫീസർ